# കാത്തിരിപ്പിന്റെ നാലാംയാമം

സുരേഷ്, ഇ. എസ്.
(മെക്കാനിക്കൽ)

പ്ലാറ്റ്ഫോറത്തിന്റെ മൂലയിലുള്ള ഒരു ബഞ്ചിൽ ഇരിയ്ക്കാനല്പം സ്ഥലം കിട്ടിയപ്പോൾ, ലക്ഷ്യ സ്ഥാനത്തെത്തിയ സംതൃപ്തിയായിരുന്നു മനസ്സിൽ ! ഭാണ്ഡം താഴെയിറക്കിവെച്ച ശേഷം, സീറ്റിൽ ഞാൻ അമർന്നിരുന്നു. മുകളിൽ, മാറാലപിടിച്ച കമ്പി ഫ്രെയിമുകളിൽ, പ്രാവുകളില്ലെന്ന് ഒരിയ്ക്കൽകൂടി ഉറപ്പു വരുത്തി.

താഴെ, നിലത്തുകിടന്ന തമിഴ് മാസികയുടെ പുറംചട്ടയിൽ നിന്നു. പല്ലിളിച്ചുകാണിയ്ക്കുന്ന രജനീകാന്തിനെക്കണ്ട് ഞാൻ മുഖംതിരിച്ചു. ചുറ്റും ബീഡിക്കുറ്റികളും കടലാസ്സുകഷണങ്ങളും താംബൂലക്കറയും കൂടിക്കിടന്നു. യാത്രക്കാരുടെ ഭക്ഷണാവശിഷ്ടങ്ങളും തേടിനടക്കുന്ന കില്ലപ്പട്ടികൾ എന്നെ പ്രത്യാശയോടെ നോക്കി.

എന്തൊരു തയ്യാറെടുപ്പായിരുന്നു. ഈ യാത്രയ്ക്കുവേണ്ടി ! ഇനിയൊരിയ്ക്കലും വെളിച്ചം കാണാൻ കഴിയില്ലെന്നു കരുതിയിരുന്ന എന്റെ മനസ്സിന്റെ പ്രത്യാശയുടെ അവസാനത്തെ പ്രകാശനാളമാണ് ഈ യാത്ര. ആയിരം മുഖംമൂടികൾക്കിടയിൽ എനിയ്ക്കു നഷ്ടപ്പെട്ട എന്റെ തിരിച്ചെടുക്കാനുള്ള അവസാനത്തെ അവസരം. ഇതു കൂടി പരാജയപ്പെട്ടാൽ ..............

സമയമടുക്കാറായി. സ്റ്റേഷന്റെ ചുവരിൽ തൂക്കിയിട്ട നാഴികമണിയുടെ സൂചികളിലേക്ക് ഞാൻ നോക്കി. ഇനി അധികം സമയമില്ല, എന്റെ ലക്ഷ്യത്തിലേക്ക്, പ്ലാറ്റ്ഫോറത്തിലേക്ക് ഞാൻ കണ്ണോടിച്ചു. ആരെയും കാണുന്നില്ല. ഒന്നു രണ്ടു പ്രാവുകൾ മുകളിലെ കമ്പികളിലിരുന്ന് കുറുകുന്നു. താഴെ, പാളത്തിന്റെ അരികിലെ പൊത്തുകളിൽ നിന്ന് എലികൾ പുറത്തുവന്ന് ഓടിനടക്കുന്നുണ്ടായിരുന്നു.

നാഴികമണിയുടെ ഇഴഞ്ഞു നീങ്ങുന്ന സൂചികളിൽ ഞാൻ നോക്കിയിരുന്നു. പതുക്കെപ്പതുക്കെ ഞാൻ വിയർക്കാൻതുടങ്ങുന്നതായി ഞാനറിഞ്ഞു. ഭാണ്ഡത്തിൽ നിന്നും ഒരു കൈലേസെടുത്ത് ഞാൻ മുഖം തുടച്ചു.

ദൂരെ നിന്നും പ്രകാശബിന്ദു ചലിച്ചുകൊണ്ട് അടുക്കുന്നത് ഞാൻ ശ്രദ്ധിച്ചു. എന്റെ ഹൃദയമിടിപ്പുകൾ വേഗത്തിലായിത്തുടങ്ങി. പാളങ്ങൾ വിറപ്പിച്ചുകൊണ്ട്, ഒരു തീവണ്ടി അപ്പുറത്തെ പ്ലാറ്റ്ഫോറത്തിൽ വന്നു നിന്നു. അപ്പോഴാണ് അത് എനിക്ക് പോകേണ്ട വണ്ടിയല്ലെന്ന് ഞാൻ മനസ്സിലാക്കിയത്. ട്രെയിനിൽ തിക്കിക്കയറാൻ തിരക്കുകൂട്ടുന്ന തമിഴ് ചെട്ടിട്ടികളുടെ ശബ്ദവും, വെണ്ടർമാരുടെ ഉറക്കെയുള്ള വിളികളും എന്നിൽ ഒരു അസുഖകരമായി അനുഭൂതി സൃഷ്ടിച്ചു. നിരാശയോടെ, മുട്ടിനിടയിൽ തലതാഴ്ത്തി, ഞാനിരുന്നു. എന്റെ ഹൃദയസ്പന്ദനങ്ങളുടെ ആവേശം വർദ്ധിക്കുന്നത് എന്നെ കൂടുതൽ അസ്വസ്ഥനാക്കി. തീവണ്ടി പുറപ്പെടാൻ തുടങ്ങിയപ്പോൾ മുഴക്കിയ ചൂളംവിളിയിൽ ഞാൻ ഞെട്ടിത്തെറിച്ചു.

എനിയ്ക്കെഴുന്നേറ്റ് ഓടണമെന്നു തോന്നി. പക്ഷേ, വരാനിരിയ്ക്കുന്ന തീവണ്ടിയെക്കുറിച്ചോർത്തപ്പോൾ, ഭാണ്ഡത്തോളമെത്തിയ എന്റെ കൈ സ്വയമേവ പിൻവലിഞ്ഞു. പിന്നെ ഞാൻ എഴുന്നേറ്റ് പ്ലാറ്റ്ഫോറത്തിന്റെ വക്കിലൂടെ ഒരറ്റംമുതൽ മറ്റേ അറ്റം വരെ നടക്കാൻ തുടങ്ങി. എന്റെ മനസ്സ് വീണ്ടും കരയാൻ തുടങ്ങുന്നത് ഞാനറിഞ്ഞു.

സ്റ്റേഷനിലെ പഴകിയ നാഴികമണിയിൽ ഞാൻ നോക്കി. സമയം കഴിഞ്ഞിട്ടില്ല. ഒരുമിനിട്ടുകൂടി

യുണ്ട്. എന്നിൽ പ്രത്യോശയുടെ നാമ്പുകൾ മുളച്ചു. ഇല്ലാ, വരാതിരിയ്ക്കില്ല!

എതിർ ദിശയിൽ നിന്നും, ഒരു തീവണ്ടി, ചൂളം വിളിച്ചു കൊണ്ടുകടന്നുപോയി. അതുയർത്തിയ ശബ്ദപ്രകമ്പനങ്ങളിൽ ഞാൻ അലിഞ്ഞു നിന്നു. അവസാനത്തെ കംപാർട്ടുമെന്റും കടന്നുപോയപ്പോൾ അതുയർത്തിയ പൊടിപടലങ്ങളിൽ, നിലത്തുകിടന്ന കടലാസ്സു കഷണങ്ങൾ എന്റെ മുഖത്തുവന്നു തട്ടി ഞാൻ തിരിഞ്ഞു നടന്ന് വീണ്ടും പഴയ സ്ഥാനത്ത് വന്നിരുന്നു.

ആരോടെങ്കിലും അല്പം സംസാരിച്ചാൽ കൊള്ളാമെന്ന് എനിക്കു തോന്നി. ഞാൻ ചുറ്റും നോക്കി. ആരുമില്ല കുറേ ഒഴിഞ്ഞ ബഞ്ചുകൾ മാത്രം. അപ്പുറത്തെ പ്ലാറ്റ്ഫോമുകളിലെ ചാരുബഞ്ചുകളിൽ ചിലർ കിടന്നുറങ്ങുന്നു. ഏതാനും കില്ലപ്പട്ടികൾ മാത്രം മണത്തുകൊണ്ടു നടക്കുന്നു. അപ്പോഴാണ് എന്നെ ഞെട്ടിപ്പിച്ച ഈ സത്യം ഞാൻ മനസ്സിലാക്കിയത്. എന്റെ ലക്ഷ്യത്തിലേയ്ക്കുള്ള ട്രെയിനിൽ കയറാൻ ഞാൻ മാത്രമേ ഈ സ്റ്റേഷനിലുള്ളു. ഞാൻ വീണ്ടും അസ്വസ്ഥനായി.

നാഴികമണിയിൽ നോക്കിയാൽ അത് എന്നിൽ കൂടുതൽ അസ്വാസ്ഥ്യം ജനിപ്പിക്കുക മാത്രമേ ചെയ്യൂ എന്നറിയാമായിരുന്നതിനാൽ ഞാൻ തല മനപൂർവ്വം താഴ്ത്തിവച്ചു. സ്റ്റേഷൻ കെട്ടിടത്തിന്റെ കോണുകളിലിരുന്ന് ചിലയ്ക്കുന്ന ചീവീടുകളുടെ ശബ്ദം ചെവിയിൽ തുളച്ചുകയറുന്നു. എനിക്കു വയ്യ. ഈ അസ്വാസ്ഥ്യം, ഈ സമസ്യ, ഈ കാത്തിരിപ്പ് എന്നെ വല്ലാതെ അലട്ടുന്നു.

ദൂരെ, ഷണ്ടിംഗ് യാർഡിൽ കിടന്നുറങ്ങുന്ന തീവണ്ടികളുടെ പുകക്കുഴലുകളിൽ നിന്നുയരുന്ന ആവി കലർന്ന പുകച്ചുരുളുകളുടെ ഗന്ധം നാസാരന്ധ്രങ്ങളിൽ തട്ടുന്നു. ഏതോചരക്കുവണ്ടി അതിന്റെ യാത്രയ്ക്കുള്ള തയ്യാറെടുപ്പുനടത്തന്നു. എഞ്ചിന്റെ വശങ്ങളിലൂടെ പുറത്തുചാടുന്ന ആവിയുടെ ശീൽക്കാരം എന്റെ ഏകാന്തതാ ബോധത്തെ മാറ്റിനിർത്തുന്ന ആ ശബ്ദങ്ങളിലേയ്ക്ക് ഞാൻ ആഴ്ന്നിറങ്ങി.

പെട്ടെന്ന്, ഞാൻ ധൈര്യമവലംബിച്ച് മുകളിലെ നാഴിക മണിയിലേക്ക് നോക്കി. എന്റെ കണ്ണുകളിലിരുട്ടുകയറുന്നതായും, തലയിൽ ഓരായിരം കടന്നലുൾ മൂളുന്നതായും എനിക്ക് അനുഭവപ്പെട്ടു. നാഴികമണിയുടെ സൂചികൾ നിശ്ചലമാണ്. അതിലെ കറുത്ത അക്കങ്ങൾ എന്നെ പരിഹസിച്ചുകൊണ്ട് പല്ലിളിച്ചു ചിരിക്കുന്നു.

എന്റെ അടക്കിപ്പിടിച്ച വികാരങ്ങൾ പൊട്ടത്തെറിച്ചു. നാഴികമണി എറിഞ്ഞുടയ്ക്കാനായി കല്ലെടുക്കാൻ വേണ്ടി ഞാൻ കൈയ്യുയർത്തി. പക്ഷേ അപ്പോഴാണു എന്റെ കൈ ചലിയ്ക്കുന്നില്ലെന്ന് ഞാൻ മനസ്സിലാക്കിയത്. എനിക്ക് ഉറക്കെ കരയണമെന്നു തോന്നി. പക്ഷേ, ശബ്ദം തൊണ്ടയിലെത്തിയപ്പോഴേയ്ക്കും മരവിച്ചതായി ഞാനറിഞ്ഞു. എന്റെ കാലുകളുയർത്തി, ഓടിരക്ഷപ്പെടാൻ ഞാൻ ശ്രമിച്ചു. വയ്യ. കാലുകളും മരവിച്ചിരിക്കുന്നു.

എന്റെ ശരീരത്തിലെ  മാംസപേശികൾ തണുത്തു നിശ്ചലമായിത്തുടങ്ങി. പതുക്കെപ്പതുക്കെ എന്റെ കണ്ണുകൾ താഴേയ്ക്കു ചലിപ്പിച്ച്, ഞാൻ കാലുകളിലേയ്ക്കു നോക്കി. നോക്കിയിരിക്കേ, എന്റെ മരവിച്ച കാൽ വിരലുകൾ വളരുന്നതും അവ നീണ്ടു നീണ്ട് വേരുകളായി, താഴെ പ്ലാറ്റ് ഫോമിലെ കോൺക്രീറ്റുതറയിൽ ആഴ്ന്നിറങ്ങുന്നതും ഞാൻ കണ്ടു. എന്റെ കൈകൾ,മെല്ലെ നീണ്ടു വളർന്ന്, നിലത്തു മുട്ടി, കൈ വിരലുകളും വേരുകളായി, താഴെ കോൺക്രീറ്റിൽ ആഴ്ന്നിറങ്ങി. മരവിപ്പ് കഴുത്തിലൂടെ മുകളിലേയ്ക്കു കയറുന്ന ആ അവസാന നിമിഷത്തിൽ, എന്റെ ശരീരത്തിൽ അവശേഷിക്കുന്ന ചേതനയെ സംഭരിച്ചുകൊണ്ട് ഒന്നു നിലവിളിയ്ക്കാൻ ഞാൻ ശ്രമിച്ചെങ്കിലും ശബ്ദം പുറത്തു വന്നില്ല. മരവിപ്പ് മുകളിലേയ്ക്ക് ചുണ്ടുകളിലൂടെ, നാസാരന്ധ്രങ്ങളിലുടെ, കൺപോളകളിലേയ്ക്കു കടന്നു. കൺപോളകൾക്കു കനം വെയ്ക്കുന്നത് ഞാൻ അറിഞ്ഞു. അവ അടഞ്ഞു തുടങ്ങി. അവ പൂർണ്ണമായും അടയുന്ന ആ അവസാന നിമിഷത്തിൽ, ഞാൻ കാത്തിരുന്ന തീവണ്ടി, പ്ലാറ്റ്ഫോറത്തിനു സമീപത്തുകൂടെ ഓടിമറയുന്നത് എന്റെ

കൺപോളകളിലെ രോമങ്ങൾക്കിടയിലൂടെ ഞാൻ കണ്ടു.

**********